# വചനവിചിന്തനം നവംബർ 22 ഞായർ, 2009

## മത്താ. 22 : 41 – 23 : 12

മനുഷ്യരക്ഷാ ചരിത്രത്തിലെ സുപ്രധാന സംഭവമായ ഈശോമിശിഹായുടെ കുരിശുമരണത്തിലേയ്ക്ക് നയിക്കുന്ന സംഭവങ്ങളുടെ വിവരണങ്ങൾക്കിടയിലാണ് നാം ഇന്നത്തെ വചനഭാഗത്തെ കാണുന്നത്. ദൈവരാജ്യത്തിലേയ്ക്കുള്ള ഈശോയുടെ ക്ഷണം നിരസിക്കുകയും അവനെ തിരസ്കരിക്കുകയും ചെയ്യുന്ന യഹൂദ നേതാക്കന്മാരുമായുള്ള ഈശോയുടെ ഏറ്റുമുട്ടൽ രംഗങ്ങളുടെ പശ്ചാത്തലത്തിലാണ് മത്താ. 22 : 41–23 : 12 വരെയുള്ള ഭാഗം മാം മനസ്സിലാക്കേണ്ടത്. തങ്ങളുടെ ഭൂതകാല പ്രതാപങ്ങളിലും പാരമ്പര്യങ്ങളിലും അന്ധമായി അഭിമാനിച്ച്, സത്യത്തെ നിരാകരിക്കാൻ ശ്രമിക്കുന്ന ഫരിസേയരുടെയും നിയമജ്ഞരുടേയും മുമ്പിൽ തന്റെ ദൈവപുത്രത്വത്തിന്റെ ആധികാരികതയും താൻ ക്ഷണിക്കുന്ന ദൈവരാജ്യത്തിന്റെ തനിമയും വ്യക്തമാക്കുന്ന രണ്ടു സംഭവങ്ങളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

ദാവീദിന്റെ പുത്രനാണ് എന്ന് അറിവുള്ള യഹൂദനേതാക്കന്മാർ, പുത്രൻ പിതാവിനേക്കാൾ വലിയവനല്ലയെന്നും പുതിയത് പഴയതിനൊപ്പം മെച്ചമല്ലയെന്നും ചിന്തിക്കുന്ന ഒരു വ്യവസ്ഥിതിയുടെ പ്രതിനിധികളാണ്. ദാവീദ് രാജാവിന്റെ മഹത്വത്തിൽ അഭിമാനിക്കുന്നവർ ദാവീദിന്റെ പുത്രന്റെ മഹത്വം കാണാൻ ശ്രമിക്കുന്നില്ല. ഇസ്രായേലിലെ രാജത്വം ആരംഭിക്കുന്നത് മറ്റ് സംസ്കാരങ്ങളിലെ രാജത്വങ്ങൾ പോലെയല്ല, എങ്കിലും കാലാന്തരത്തിൽ എല്ലാ രാജത്വങ്ങളും പോലെ അതും രൂപാന്തരപ്പെട്ടു. ദൈവത്താൽ പ്രത്യേകമായി നിയോഗിക്കപ്പെട്ട രാജത്വമാണ് ദാവീദിന്റേത് എങ്കിലും വിജാതീയ രാജത്വങ്ങളുടെ പ്രത്യേകതകൾ സാവധാനം ഇസ്രയേലിലും ഉടലെടുത്തു. മറ്റ് രാജത്വങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇസ്രായേലിലെ രാജാക്കന്മാരിൽ ദൈവത്വം ആരോപിക്കപ്പെട്ടിരുന്നില്ല എന്നതിന്റെ തെളിവായിട്ടാണ് ദാവീദിന്റെ പുത്രനെ ''കർത്താവേ'' എന്നു വിളിക്കാൻ ദാവീദ് തയ്യാറാകുന്നതെന്നാണ് ഈശോ ഇവിടെ വ്യക്തമാക്കുന്നത്. ദാവീദ് രാജാവ് കർത്താവായ യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ടവൻ മാത്രമായിരുന്നുവെന്നും യഹോവയാണ് ദാവീദിനേക്കാൾ വലിയവനെന്നും ഈശോ വ്യക്തമാക്കുന്നു.

എന്നാൽ കാലാന്തരത്തിൽ മറ്റ് സംസ്കാരങ്ങളിലേതുപോലെ രാജത്വങ്ങൾ ദൈവത്തോടു ചേർത്ത് കാണുവാനും മതനേതാക്കളും രാജാധികാരികളുമായി ചേർന്ന് പ്രവർത്തിക്കുന്നതും ഇസ്രായേൽ ചരിത്രത്തിൽ നാം കാണുന്നുണ്ട്. തൽഫലമായി മതാധികാരങ്ങളും അധീശത്വങ്ങളും പ്രകടനമായി മാറുന്നുവെന്ന് മനസ്സിലാക്കിയ ഈശോ അതിനെതിരേ പ്രതികരിക്കുകയാണ് മത്താ. 23 : 1– 12 വരെയുള്ള ഭാഗത്ത്. മോശയുടെ സിംഹാസനത്തിലിരിക്കുന്നവരുടെ അധികാരങ്ങൾ അംഗീകരിക്കപ്പെടേണ്ടവയാണെങ്കിലും അധീശത്വങ്ങളും അധികാരമനോഭാവങ്ങളും തിരുത്തപ്പെടേണ്ടവയാണെന്നും ഈശോ വ്യക്തമാക്കുന്നു.

അധീശത്വങ്ങളുടെ വ്യവസ്ഥിതിയിൽ റാങ്ക് ഓർഡറുകളും, സീനിയോറിറ്റികളും, പ്രോട്ടോകോളുകളും നിലനിൽക്കുന്നുവെന്നും വിരുന്നുകളിൽ പ്രമുഖസ്ഥാനങ്ങളും, നഗരവീഥികളിൽ അഭിവാദ്യം നല്കപ്പെടുന്നയുമാണെന്നും ഈശോ വ്യക്തമാക്കുന്നു. അങ്ങനെയുള്ള വ്യവസ്ഥിതിയിൽ Publicity യ്ക്കു വേണ്ടിയുള്ള പരക്കംപാച്ചിലുകളുണ്ട് . അവിടെ വേഷഭൂഷാദികളും, സ്ഥാനമാനങ്ങളും, ചെയ്യുന്ന ജോലികൾക്കും, വിദ്യാഭ്യാസത്തിനുമ

നുസരിച്ചാണ് മനുഷ്യന്റെ വില. നേതാക്കന്മാർ ''സാറെൻമാർ'' എന്ന് അഭിസംബോധന ചെയ്യപ്പെടുന്നു. നിറം കുറഞ്ഞവനും, നീളം കുറഞ്ഞവനും അവഗണിക്കപ്പെടുന്നു. രോഗികളും ആരോഗ്യക്ഷയമുള്ളവരും വികലാംഗരും ബുദ്ധിമാന്ദ്യമുള്ളവരും സാമ്പത്തികക്ലേശമനുഭവിക്കുന്നവരും പിന്നാമ്പുറങ്ങളിലേയ്ക്ക് മാറ്റപ്പെടുന്നു. ഏതെങ്കിലും കുറ്റം ചെയ്തവനോ  വീഴ്ച പറ്റിയവനോ പിണ്ഡം വച്ച് പുറത്താക്കപ്പെടുകയും ജയിലിലടയ്ക്കപ്പെടുകയും ചെയ്യുന്നു.

ഇങ്ങനെയുള്ള രാജത്വങ്ങളുടേയും വ്യവസ്ഥിതികളുടേയും മുമ്പിലാണ് ദൈവപുത്രന്റെ യഥാർത്ഥമായ അധികാരത്തേയും ദൈവരാജ്യത്തിന്റെ വ്യതിരിക്തതയേയും കുറിച്ച് ഈ പ്രതിപാദിക്കുന്നത്. ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ ഏക അധികാരി പിതാവായ ദൈവം മാത്രമാണെന്നും മനുഷ്യരെല്ലാം തുല്യരും സഹോദരരുമാണെന്ന്  ഈശോ വ്യക്തമാക്കുന്നു. പുതിയരാജ്യത്തിന്റെ ആണിക്കല്ല് സ്നേഹശുശ്രൂഷയിലാണെന്നും സിംഹാസനങ്ങളുടെ കെട്ടുറപ്പ് മനുഷ്യഹൃദയങ്ങളിലാണെന്നും ഈശോ പ്രബോധിപ്പിക്കുന്നു. തന്റെ ദൈവപുത്രത്വത്തിന്റെ ആധികാരികത ''താൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുന്ന'' തിലുമാണെന്ന് (മത്താ. 20:28)  ഈശോ വ്യക്തമാക്കുന്നു. സ്നേഹം തന്നെയായ ഏകപിതാവിന്റെ പുത്രരാണ്  മനുഷ്യരെല്ലാവരും എന്ന് തിരിച്ചറിയുവാനും  മതിൽക്കെട്ടുകളില്ലാതെ ഏവരേയും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും  ഈശോ ആഹ്വാനം ചെയ്യുന്നു. പഴയകാല ഹയരാർക്കിക്കൽ ചിന്താഗതികളിൽ നിന്നും റാങ്ക് ഓർഡറുകളിൽനിന്നും മുക്തരായി, എല്ലാ വ്യക്തികളേയും തുല്യരായിക്കാണുന്ന അവർക്ക് ശുശ്രൂഷചെയ്യുന്ന മനോഭാവം ഉണ്ടാകുവാനും ആഹ്വാനം ചെയ്യുകയുമാണ് ഈശോ. ആ ഒരു വ്യവസ്ഥിതിയ്ക്ക് തുടക്കം കുറിക്കാൻ നമുക്ക് കഴിയട്ടെ. ആമ്മേൻ.

**ഫാ. ജോർജ്ജ് കുഴിപ്പിള്ളിൽ.**